## മധുരമായ കുട്ടികളേ – അച്ഛൻ നിങ്ങൾക്ക് ജ്ഞാനത്തിന്റെ കസ്തൂരി നൽകുന്നു, അപ്പോൾ ഇങ്ങനെയുള്ള അച്ഛനിൽ നിങ്ങൾക്ക് അർപ്പണമായിത്തീരണം, മാതാപിതാവിനെ പിന്തുടർന്ന് പാവനമാക്കാനുള്ള സേവനം ചെയ്യണം.

**ചോദ്യം** –ആരാണോ ഭാഗ്യശാലികളായ കുട്ടികൾ അവരുടെ ലക്ഷണങ്ങളെന്തെല്ലാമാണ്?
**ഉത്തരം** – ഭാഗ്യശാലികളായ കുട്ടികൾ നല്ല രീതിയിൽ പഠിക്കും, പഠിപ്പിക്കും. അവർ പക്കാ നിശ്ചയബുദ്ധികളായിരിക്കും. ഒരിക്കലും ബാബയുടെ കൈ ഉപേക്ഷിക്കില്ല. ജോലികളെല്ലാം ചെയ്തുകൊണ്ടും ഈ കോഴ്സ് പഠിക്കും. വളരെ സന്തോഷത്തോടെ കഴിയും. എന്നാൽ ആരുടെ ഭാഗ്യത്തിലില്ലയോ അവർ ലോട്ടറി ലഭിച്ചാലും അതിനെ നഷ്ടപ്പെടുത്തും.

**ഗീതം**– ഭോലാനാഥനെപ്പോലെ വിചിത്രനായി മറ്റാരുമില്ല......

**ഓംശാന്തി**. ആർക്കാണോ യാതൊന്നും തന്നെ അറിയാത്തത് അവരെയാണ് നിഷ്കളങ്കരെന്ന് പറയുന്നത്. ഇപ്പോൾ കുട്ടികൾക്ക് മനസ്സിലായി, നമ്മൾ മനുഷ്യർ എത്ര നിഷ്കളങ്കരായിരുന്നു, മായ നമ്മെ എത്ര നിഷ്കളങ്കരാക്കി. ഇതു പോലും അറിയുന്നില്ല അച്ഛൻ ആരാണെന്ന്. അച്ഛാ എന്ന് പറഞ്ഞ് വിളിക്കുവാനും അറിയാനുമല്ല എന്നാൽ അച്ഛനിൽ നിന്നും എന്ത് സമ്പത്താണ് ലഭിക്കുന്നതെന്ന് പോലും അറിയുന്നില്ല. അപ്പോൾ നിഷ്കളങ്കനെന്നല്ലേ പറയൂ. നിഷ്കളങ്കനെന്നു പറഞ്ഞാലും ബുദ്ധു എന്നു പറഞ്ഞാലും ഒന്നു തന്നെ. ഈ സമയത്ത് എല്ലാവരും ബുദ്ധിശൂന്യരായിത്തീർന്നിരിക്കുന്നു. എന്നാൽ അവർക്ക് ആ ബുദ്ധിശൂന്യതയുടെ കൂടി അഹങ്കാരവുമുണ്ട്. കുട്ടികളേ, നിങ്ങൾക്ക് ബാബയെ അറിയാം, ബാബയിൽ നിന്നാണ് കേട്ടുകൊണ്ടിരിക്കുന്നത്. ബാക്കി ആത്മാവിനെ ദേഹിഅഭിമാനിയാക്കാനുള്ള പ്രയത്നം ചെയ്യണം. സ്വയം ബാബയിരുന്ന് പഠിപ്പിക്കുന്നു, അല്ലയോ ആത്മാവേ, ദേഹിഅഭിമാനിയാകൂ. സ്വയത്തെ പാരലൗകിക പിതാവിന്റെ സന്താനമെന്നു നിശ്ചയിക്കൂ. ലൗകിക പിതാവിനെ അറിയാമല്ലോ, എന്നാൽ പാരലൗകിക പിതാവിനെക്കുറിച്ചറിയാത്ത തരത്തിൽ നിങ്ങൾ ഇത്ര നിഷ്കളങ്കമാണോ? ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, ഈ കാര്യങ്ങൾ പരമപിതാ പരമാത്മാവാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾ കൊച്ചു കുട്ടികളല്ല, നിങ്ങളുടെ അവയവങ്ങൾ വലുതാണ്. ബാബ മനസ്സിലാക്കിത്തരുന്നു, അഥവാ സ്വയത്തെ ദേഹമെന്നു കരുതുകയാണെങ്കിൽ ബാബയെ ഓർമ്മ വരില്ല. സ്വയത്തെ ദേഹിഅഭിമാനിയെന്നു മനസ്സിലാക്കൂ. കുട്ടികളേ, കുട്ടികളേ എന്ന് അച്ഛൻ വിളിക്കുന്നത് ശരീരത്തെയല്ല, ആത്മാവിനെയാണ്. പിന്നീട് കുട്ടികളായ ആത്മാക്കൾ എല്ലാവരും ശിവനെ (പരമാത്മാവിനെ) അച്ഛനെന്നു വിളിക്കുന്നു. ഏതെങ്കിലും ആത്മാവിനെയോ ബ്രഹ്മാവിനെയോ പറയാൻ സാധിക്കില്ല. ബ്രഹ്മാവും ശിവബാബയുടെ കുട്ടിയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മുടെ പരിധിയില്ലാത്ത പിതാവ് ഇദ്ദേഹത്തിൽ വന്നിരിക്കുകയാണ്. അപ്പോൾ പിതാവിനെ ഓർമ്മിക്കേണ്ടതായുണ്ട്. 84 ന്റെ ചക്രത്തെയും ഓർമ്മിക്കേണ്ടതായുണ്ട്. ഇത് പരിധിയില്ലാത്ത 5000 വർഷത്തിന്റെ നാടകമാണ്. നിങ്ങൾ അഭിനേതാക്കളാണ്. ഇപ്പോൾ നിങ്ങൾക്ക് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസിലായിരിക്കുന്നു. അപ്പോൾ മുഴുവൻ ചക്രവും ബുദ്ധിയിൽ കറങ്ങണം. നിങ്ങളുടെ പേര് എത്ര പ്രശസ്തമാണ്. സ്വദർശനചക്രധാരി, പിന്നെ നിങ്ങൾ ഭാവിയിൽ ചക്രവർത്തി മഹാരാജാവായിത്തീരുന്നു. 84 ജന്മങ്ങളുടെ കഥ ചക്രത്തിൽ തെളിയുന്നു. നിങ്ങളിപ്പോൾ ബാബയുടെതായിത്തീർന്നിരിക്കുന്നു ഇത് സ്മൃതിയിൽ വെക്കണം. എത്രത്തോളം അന്ധന്മാരുടെ ഊന്നുവടിയാകുന്നുവോ അത്രത്തോളം ദയാമനസ്കനാണെന്ന് ബാബ മനസ്സിലാക്കുന്നു. പറയുന്നു ദയകാണിക്കൂ, കൃപകാണിക്കൂ. ബാബ ഏതൊരു കൃപയാണ് കാണിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ബാബയെ ലഭിച്ചു എങ്കിൽ എത്രത്തോളം സന്തോഷിക്കണം. ഇപ്പോൾ നിങ്ങൾ ഓരോരുത്തരും സ്വയംപര്യാപ്തരായിരിക്കണം. എങ്ങനെയാണോ ഓരോ സെന്ററുകളും സ്വയംപര്യാപ്തമാകണമെന്ന് ബാബ പറയുന്നത്, അതുപോലെ നിങ്ങൾക്കും സ്വന്തം കാലിൽ നിൽക്കണം. ഉയർന്നതിലും ഉയർന്ന പുരുഷാർത്ഥം ചെയ്യണം. മാതാപിതാവിനെ അനുകരിക്കണം. ലൗകികത്തിലുള്ള കുട്ടികൾ അച്ഛനെ അനുകരിച്ച് പതിതമാകുന്നു. ഇത് നമ്മുടെ പാരലൗകിക പിതാവാണ് പറയുന്നത്, ശ്രീമതം പാലിക്കണം. മമ്മാ–ബാബയുടെ ജോലിയും എന്താണെന്നു നോക്കൂ? പതിതരെ പാവനമാക്കുക. മറ്റുള്ള ധർമ്മ പിതാക്കന്മാർ വരികയാണെങ്കിൽ അവരോടൊപ്പം അവരുടെ ധർമ്മത്തിലുള്ള ആത്മാക്കളും ഒരുമിച്ച് ഇറങ്ങി വരുന്നു. അവരെ പരിവർത്തനപ്പെടുത്തേണ്ടതായ ആവശ്യം വരുന്നില്ല. ഇവിടെ പരിവർത്തനപ്പെടുത്തി ശൂദ്രരെ ബ്രാഹ്മണരാക്കണം. ഇതിനായി നിങ്ങൾക്ക് പ്രയത്നിക്കേണ്ടതായി വരും. നിങ്ങൾ ധാരാളം ലിറ്ററേച്ചർ(പുസ്തകങ്ങൾ) നൽകുന്നുണ്ടല്ലോ. എന്നാൽ ചിലർ ഇത് കീറിക്കളയുന്നു.

നിങ്ങൾ കുട്ടികൾ രൂപ്-ബസന്താണ്. ബാബയെപ്പോലെത്തന്നെ കുട്ടികളും. നിങ്ങൾക്ക് ജ്ഞാനമഴ പെയ്യിക്കണം. ഈ ചിത്രങ്ങൾ വളരെ നല്ലതാണ്. ത്രിമൂർത്തിയുടെ ചിത്രം വളരെ നല്ലതാണ്, ഇതിൽ അച്ഛനും സമ്പത്തും രണ്ടുമുണ്ട്. അച്ഛനില്ലാതെ എങ്ങനെ മുത്തശ്ശന്റെ സമ്പത്ത് ലഭിക്കും. നമ്മുടെ കൃഷ്ണന്റെ ചിത്രം എല്ലാവർക്കും നല്ലതായി തോന്നാറുണ്ട്. ബാക്കി 84 ജന്മങ്ങളെടുക്കുന്നു എന്ന് പറയുമ്പോൾ ആർക്കും നല്ലതായി തോന്നുന്നില്ല. അവർക്ക് ചിത്രം നല്ലതായി തോന്നുണ്ട്, നിങ്ങൾക്ക് വിചിത്രനെയാണ് നല്ലതായി തോന്നുന്നത്. കാരണം ബാബ നിങ്ങളോട് പറയുന്നത്, ആത്മാഭിമാനിയായി ഭവിയ്ക്കട്ടെ എന്നാണ്. നിങ്ങൾ സ്വയത്തെ വിചിത്രനെന്നു മനസ്സിലാക്കി വിചിത്രനായ ബാബയെ ഓർമ്മിക്കണം. ബാബ രചയിതാവാണെങ്കിൽ തീർച്ചയായും പുതിയ ലോകത്തെയാണ് രചിക്കുന്നത്. ആ ലോകത്ത് ലക്ഷ്മി-നാരായണന്റെ രാജ്യമാണുണ്ടായിരുന്നത്. ലക്ഷ്മി-നാരായണന്റെ ചിത്രമുണ്ടാക്കിയതിലും എഴുതിയിട്ടുണ്ട്, സർവ്വഗുണ സമ്പന്നൻ, 16 കലാസമ്പൂർണ്ണർ..... മഹാരാജാ-മഹാറാണിയായ ലക്ഷ്മി-നാരായണന്മാർക്ക് തീർച്ചയായും ഈ ലഹരിയുണ്ടായിരിക്കുന്നതാണ്, നാം ബാബയെ ഓർമ്മിച്ച് ഇവർക്ക് സമാനമായി മാറുകയാണ്. അപ്പോൾ സദാ ബാബാ-ബാബാ എന്ന് ഓർമ്മിച്ചുകൊണ്ടിരിക്കൂ, ഭാവിയിലെ പദവിയെയും ഓർമ്മിച്ചുകൊണ്ടിരിക്കൂ, എന്നാൽ സത്യയുഗത്തിലേക്ക് പോകും. ഞാൻ എരുമയാണ്, എരുമയാണ്..... എന്ന് പറഞ്ഞ് പറഞ്ഞ് അതുപോലെ തോന്നിയതിനെക്കുറിച്ച് ഒരു കഥയുണ്ടല്ലോ. എന്നാൽ പറയുന്നതിലൂടെ ആരും ആയിത്തീരുന്നില്ല. ബാക്കി നിങ്ങൾ മനസ്സിലാക്കണം, ഞാൻ ആത്മാവ് നരനിൽ നിന്നും നാരായണനായിത്തീരുകയാണ്. ഇപ്പോൾ യാചകനാണ്, ഇത് വളരെ അത്ഭുതമായ ഒന്നാണ്. സത്യയുഗത്തിൽ ഒരാൾ മാത്രമായിരിക്കില്ല രാജ്യം ഭരിക്കുന്നത്. അവരുടെ കുലമാണുണ്ടാകുന്നത്. അവരുടെ മക്കളുമുണ്ടാകുന്നു. സത്യയുഗത്തിലെ 1250 വർഷങ്ങളും കേവലം ഒരു ലക്ഷ്മിനാരായണനല്ല രാജ്യം ഭരിക്കുന്നത്. സത്യയുഗത്തിന്റെ ആയുസ്സ് ഉയർന്നതാണെന്നു പറയുന്നു എന്നാലും അവിടെ പ്രജകൾ ആവശ്യമല്ലേ. നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനത്തിന്റെ പരിപക്വത ആവശ്യമാണ്.

നിങ്ങൾക്ക് ആരുടെ മുന്നിലാണെങ്കിലും ചിത്രങ്ങൾ വെച്ച് മനസ്സിലാക്കി കൊടുക്കൂ ഭാരതം സ്വർഗ്ഗമായിരുന്നെന്ന്. ഇത് പഴയ ലോകമായ നരകമാണ്, അപ്പോൾ നമ്മൾ സ്വർഗ്ഗവാസിയാണെന്നുള്ളതിനെക്കുറിച്ച് പക്കാ ആയിരിക്കണം. ഇപ്പോൾ നരകവാസിയാണ് ഇനി വീണ്ടും സ്വർഗ്ഗ വാസിയാകുകയാണ്. സത്യയുഗത്തിൽ ലക്ഷ്മി-നാരാണന്റെ, ത്രേതായുഗത്തിൽ സീതാരാമന്റെ രാജ്യമായിരുന്നു, അപ്പോൾ എല്ലാവരും സ്വർഗ്ഗവാസികളായിരുന്നു. ഈ ചക്രത്തിൽ 84 ജന്മങ്ങൾ തെളിയുന്നുണ്ട്. വൃക്ഷത്തിന്റെ ചിത്രത്തിൽ എങ്ങനെ പൂജ്യനീയ അവസ്ഥയിൽ നിന്നും അ:ധപതിച്ച് പൂജാരി അവസ്ഥയിലേക്ക് പോകുമെന്നുള്ളതിനെക്കുറിച്ച് തെളിയുന്നു. നിങ്ങൾക്കറിയാം ഈ സമയത്ത് എല്ലാവരും നാസ്തികരാണ്, ആർക്കും തന്നെ അച്ഛനെക്കുറിച്ച് അറിയുന്നില്ല. എല്ലാവരും ശ്മശാനതുല്യരാണെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. നിങ്ങൾ കുട്ടികൾ ഗുപ്തമാണ്. ഇംഗ്ലീഷിൽ അണ്ടർഗ്രൗണ്ട് എന്ന് പറയുന്നു. സത്യയുഗത്തിൽ നിങ്ങൾ ഗുപ്തമല്ല, ഇപ്പോഴാണ് ഗുപ്തം. നിങ്ങളെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ഇവിടെ സന്മുഖത്തിരിക്കുമ്പോൾ ആനന്ദം അനുഭവപ്പെടുന്നു. പരിധിയില്ലാത്ത അച്ഛൻ പരംധാമത്തിൽ നിന്നും വന്ന് ബ്രഹ്മാവിലേക്ക് പ്രവേശിച്ച് നിങ്ങളെ പഠിപ്പിക്കുന്നു. ചക്രത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. ബാക്കി മുഴുവൻ ദിവസവും സവാരി ചെയ്യുന്നില്ല. ബാബ പറയുന്നു, ഞാൻ സേവനമാണ് ചെയ്യുന്നത്, കുട്ടികളുടെ പേര് പ്രസിദ്ധമാകുന്നതിനായി ഞാൻ പ്രവേശിക്കുന്നു. അപ്പോൾ ബാബ പറയുന്നു, കുട്ടികളേ സ്വദർശന ചക്രധാരിയായി ഭവിയ്ക്കട്ടെ, ശംഖധാരി ഭവ. നിങ്ങൾക്ക് ജ്ഞാനത്തിന്റെ ശംഖ് മുഴക്കണം. മുരളി എന്ന് പറഞ്ഞാലും ശംഖെന്നു പറഞ്ഞാലും അതൊന്നു തന്നെയാണ്. അവർ കൃഷ്ണനാണ് മുരളി കാണിച്ചിരിക്കുന്നത്. കൃഷ്ണൻ രത്നഖജിതമായ ഓടക്കുഴൽ കളിക്കുന്നതിനായാണ് ഉപയോഗിക്കുന്നത്. അവിടെ ജ്ഞാനത്തിന്റെ മുരളിയില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ടായിരിക്കണം, കല്പം മുമ്പ് സത്യയുഗത്തിൽ പാർട്ട് അഭിനയിച്ചപോലെ നിങ്ങൾ ഇനി വീണ്ടും അഭിനയിക്കുന്നു. ബാക്കി ബാബയിൽ നിന്നുമുള്ള സമ്പത്ത് നേടണം. പക്ഷേ വീട്ടിലേക്ക് പോകുമ്പോൾ മറന്നുപോകുന്നു. ബാബ പറയുന്നു, ഇവിടെ നിന്ന് പക്കയായി പോകണം. ജോലികളെല്ലാം ചെയ്തുകൊണ്ടും ഓർമ്മയിലിരിക്കണം. ഒരു സെക്കന്റുകൊണ്ടുള്ള കോഴ്സ് എടുക്കണം. പലരും വിവാഹം കഴിച്ചതിനുശേഷവും പഠിക്കുന്നു. നിങ്ങളും അതുപോലെ ഉത്തരവാദിത്തങ്ങളിൽ ഇരുന്നുകൊണ്ടും പഠിക്കണം. കുമാരനും-കുമാരിക്കും ഇത് വളരെ എളുപ്പമാണ്. കേവലം ഇത് ബുദ്ധിയിലുണ്ടായിരിക്കണം. എന്റേത് ഒരേയൊരു ശിവബാബ രണ്ടാമതായി ആരുമില്ല. ബ്രഹ്മാവിനെക്കുറിച്ചല്ല ഇത് പറയുന്നത്.

എപ്പോൾ മുതൽക്ക് നിശ്ചയമുണ്ടായി എന്ന് ബാബ ചോദിക്കാറുണ്ട്. അഥവാ നിശ്ചയമുണ്ടായി എങ്കിൽ ഇങ്ങനെയൊരു അച്ഛനെ ഒരിക്കലും ഉപേക്ഷിക്കരുത്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാൻ ബാബ

പറയുന്നിടത്തോളം. നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. പാവങ്ങൾക്ക് ലോട്ടറി ലഭിക്കുമ്പോൾ അവർക്ക് ചിലപ്പോൾ ഭ്രാന്താകുന്നു. എന്നാൽ ഇവിടെയാണെങ്കിലോ കുട്ടികൾ ജോലിയിൽ പോകുമ്പോൾ തന്നെ മറന്നു പോകുകയാണ്. അപ്പോൾ ബാബ മനസ്സിലാക്കുന്നു, ഇത്രയും വലിയ ലോട്ടറി ലഭിച്ചിട്ടും കുട്ടികൾ വിഡ്ഢികളെപ്പോലെയാണ്. എന്നാൽ കുട്ടികളുടെ ഭാഗ്യത്തിലില്ല, അതിനാലാണ് പറയുന്നത്, വിഡ്ഢികളെ കാണണമെങ്കിൽ ഇവിടെക്കു വരൂ. കല്പത്തിനു ശേഷമാണ് ബാബയെ ലഭിച്ചത്. ബാബാ-ബാബാ എന്ന് പറഞ്ഞുകൊണ്ടേയിരിക്കണം, അതിരാവിലെ എഴുന്നേറ്റ് ഓർമ്മിക്കണം, പ്രിയമുള്ളതിനുമേൽ അർപ്പണമാകാറില്ലേ. നമ്മളും ബാബയിൽ അർപ്പണമാകുന്നു. ഈ ജ്ഞാനം കസ്തൂരിയാണ്. നമ്മൾ ഭാരതത്തിന്റെ തോണി അക്കര കടത്തുന്നവരാണ്. സത്യനാരായണന്റെ കഥ, അമരകഥ, മൂന്നാമത്തെ നേത്രത്തിന്റെ കഥ, എന്നീ കഥകളെല്ലാം തന്നെ കേൾപ്പിക്കുന്ന, സത്യമായ പിതാവിന്റെ സത്യമായ ബ്രാഹ്മണകുട്ടികളാണ് നിങ്ങൾ. അപ്പോൾ ഉള്ളിൽ യാതൊരു ദൗർബല്യവുമുണ്ടാകരുത്, ദൗർബല്യമുണ്ടെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ശരി.

മധുരമധുരമായ തിരികെ കിട്ടിയ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**രാത്രി ക്ലാസ്സ് - 28-03-1968**

സർവ്വതും കണ്ടുകൊണ്ടും പാർട്ട് അഭിനയിച്ചുകൊണ്ടും ബുദ്ധി ബാബയിലേക്ക് വെക്കാനുള്ള അഭ്യാസം ചെയ്യണമെന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. പഴയലോകം നശിക്കാൻ പോവുകയാണെന്ന് അറിയാമല്ലോ. ഈ ലോകത്തെ ഉപേക്ഷിച്ച് നമുക്ക് തന്റെ വീട്ടിലേക്ക് പോകണം. ഈ ചിന്തകളൊന്നും മറ്റാരുടെയും ബുദ്ധിയിലുണ്ടാകില്ല. മറ്റാരും തന്നെ ഇത് മനസ്സിലാക്കില്ല. മനുഷ്യർ മനസ്സിലാക്കുന്നത് ഈ ലോകം ഇനിയും ധാരാളം കാലമുണ്ടെന്നാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമുക്കിപ്പോൾ തന്റെ പുതിയലോകത്തേക്ക് പോകണം. അതിനുവേണ്ടി രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ച് സമയത്തിനുള്ളിൽ നമ്മൾ സത്യയുഗീ പുതിയ ലോകത്തിലേക്ക് അഥവാ അമരപുരിയിലേക്ക് പോകും. ഇപ്പോൾ നിങ്ങൾ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നു. ആസുരീയ മനുഷ്യനിൽ നിന്നും ദൈവീക മനുഷ്യനായിത്തീരുന്നു. ബാബ മനുഷ്യനിൽ നിന്നും ദേവതയാക്കുന്നു. ദേവതകളിൽ ദേവീക ഗുണങ്ങളുണ്ട്. ബാക്കിയുള്ളവരും മനുഷ്യർ തന്നെയാണ്, എന്നാൽ അവരിൽ ദൈവീക ഗുണങ്ങളില്ല. ഇവിടെയുള്ള മനുഷ്യരിൽ ആസുരീയ അവഗുണങ്ങളാണ്. നിങ്ങൾക്കറിയാം ഈ ആസുരീയ രാവണരാജ്യം പിന്നീടുണ്ടാകില്ല. ഇപ്പോൾ നമ്മൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ ജന്മ-ജന്മാന്തര പാപഭാരവും യോഗബലത്തിലൂടെ ഭസ്മമാക്കുന്നു. ചെയ്യുന്നുണ്ടോ ഇല്ലയോ, ഓരോരുത്തർക്കും അവരവരുടെ ഗതിയെക്കുറിച്ചറിയാം. ഓരോരുത്തർക്കും അവനവനെ ദുർഗതിയിൽ നിന്നും സത്ഗതിയിലേക്ക് കൊണ്ടു വരണം, അതായത് സത്യയുഗത്തിലേക്ക് പോകാനുള്ള പുരുഷാർത്ഥം ചെയ്യണം. സത്യയുഗത്തിൽ വിശ്വത്തിലെ ചക്രവർത്തി പദവിയാണ്. ഒരേയൊരു രാജ്യമാണ്. ഈ ലക്ഷ്മി-നാരായണന്മാർ വിശ്വത്തിന്റെ ചക്രവർത്തിമാരല്ലേ. എന്നാൽ ലോകത്തിലുള്ളവർക്ക് ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ഒന്ന്-ഒന്നിൽ നിന്നും ഇവരുടെ രാജധാനി ആരംഭിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ഇവർക്കു സമാനമായി മാറുകയാണ്. ബാബ തന്നെക്കാളും കുട്ടികളെ ഉയരത്തിലേക്ക് കൊണ്ടു പോകുന്നു, അതുകൊണ്ടാണ് ബാബ നമസ്തേ പറയുന്നത്. ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രൻ, ജ്ഞാന ഭാഗ്യനക്ഷത്രങ്ങൾ. നിങ്ങൾ ഭാഗ്യശാലികളാണ്. ബാബ തീർത്തും ശരിയായ അർത്ഥസഹിതമുള്ള നമസ്കാരമാണ് ചെയ്യുന്നത്. ബാബ വന്ന് സുഖത്തിന്റെ സമ്പത്താണ് നൽകുന്നത്. ഈ ജ്ഞാനവും വളരെയധികം അത്ഭുതകരമാണ്. നിങ്ങളുടെ രാജ്യപദവിയും അത്ഭുതമാണ്. നിങ്ങൾ ആത്മാക്കളും അത്ഭുതമാണ്. രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങളെ തനിക്കു സമാനമാക്കുന്നതിനായി എത്രയാണ് പ്രയത്നിക്കേണ്ടി വരുന്നത്. കല്പം മുമ്പത്തേതു പോലെയുള്ള ഓരോരുത്തരുടെയും പുരുഷാർത്ഥമനുസരിച്ചിരിക്കും. എന്നാലും ബാബ പുരുഷാർത്ഥം ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ആരാണ് അഷ്ടരത്നങ്ങളായിത്തീരുക എന്നത് അറിയില്ല. കാരണം ബാബയ്ക്ക് പറയാനുള്ള പാർട്ടു തന്നെയില്ല. മുന്നോട്ടു പോകവേ നിങ്ങൾക്ക് നിങ്ങളുടെ പാർട്ടിനെത്തന്നെ അറിയുവാൻ സാധിക്കുന്നു. ആര് ഏതു തരത്തിലുള്ള പുരുഷാർത്ഥമാണോ ചെയ്യുന്നത്, അവർക്ക് അതിനനുസരിച്ചുള്ള ഭാഗ്യമുണ്ടാകുന്നു. ബാബ വഴി കാണിച്ചു തരുന്നയാളാണ്, ആര് എത്രത്തോളം അതിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നു. ബ്രഹ്മാവിനെ നിങ്ങൾ സൂക്ഷ്മ വതനത്തിൽ വെച്ച് കാണുന്നുണ്ട്. പ്രജാപിതാബ്രഹ്മാവ് ഇവിടെയുണ്ട്. ബ്രഹ്മാവിൽ നിന്നും വിഷ്ണുവായിത്തീരുക എന്നത് സെക്കന്റിന്റെ കാര്യമാണ്. വിഷ്ണുവിൽ നിന്നും ബ്രഹ്മാവായിത്തീരാൻ 5000 വർഷങ്ങളെടുക്കുന്നു. കാര്യം ശരിയാണെന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു. ബ്രഹ്മാ

–വിഷ്ണു–ശങ്കരന്റെ ത്രിമൂർത്തി ചിത്രം ഉണ്ടാക്കുന്നുണ്ടെങ്കിലും ആരും മനസ്സിലാക്കുന്നില്ല. നിങ്ങളിപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞു. നിങ്ങളെത്ര കോടിമടങ്ങ് ഭാഗ്യശാലികളായ സന്താനങ്ങളാണ്. ദേവതകളുടെ പദങ്ങളിൽ കമലത്തെ കാണിക്കുന്നുണ്ട്. കോടിപതി എന്ന പേരും പ്രശസ്തമാണ്. എന്നാൽ കോടിപതികളാകുന്നത്, ദരിദ്രരും സാധാരണക്കാരുമായ ആത്മാക്കളാണ്. ലോകത്തിലുള്ള കോടിപതികളാരും തന്നെ ഇങ്ങോട്ട് വരികയില്ല. ഇന്ന് 5–7 ലക്ഷമുള്ളവരെപ്പോലും സാധാരണമാണെന്നു മനസ്സിലാക്കുന്നു. ഈ സമയത്ത് 20,000–40,000 രൂപയൊന്നും തന്നെ ഒന്നുമല്ല. മനുഷ്യർ കോടിപതികളാകുന്നത് ഒരു ജന്മത്തേക്കാണ്. അങ്ങനെയുള്ളവർ കുറച്ച് ജ്ഞാനമെടുക്കുകയാണെങ്കിലും മനസ്സിലാക്കി മുഴുവനും സ്വാഹാ ചെയ്യുന്നില്ലല്ലോ. ആരംഭത്തിൽ വന്നിരുന്നവർ സർവ്വതും സ്വാഹാ ചെയ്യുന്നവരായിരുന്നു. പെട്ടെന്നു തന്നെ എല്ലാവരുടെയും പൈസയെ ഉപയോഗപ്പെടുത്തുവാൻ സാധിച്ചു. സാധാരണക്കാരുടെത് ഉപയോഗിക്കുക തന്നെ ചെയ്യും. ധനവാന്മാരുടെതും സേവനത്തിനായി ഉപയോഗിക്കുവാൻ പറഞ്ഞിരുന്നു, ഈശ്വരീയ സേവനം ചെയ്യണമെങ്കിൽ സെന്റർ തുറക്കണം. പ്രയത്നിക്കണം. ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. ബാബയെ ഏഴകളുടെ തോഴനെന്നാണ് പറയുന്നത്, ഭാരതമാണ് ഈ സമയത്ത് ഏറ്റവും ദരിദ്രം. ഭാരതത്തിൽ തന്നെയാണ് ഏറ്റവും കൂടുതൽ ജനസംഖ്യയും കാരണം ഏറ്റവും ആദ്യമേ തന്നെ വന്നതാണ്. എന്താണോ സുവർണ്ണയുഗത്തിലുള്ളത് അതുതന്നെയാണ് ഇരുമ്പുയുഗത്തിലുമുള്ളത്. തീർത്തും ദരിദ്രമായിരിക്കുകയാണ്. ചിലവ് ചെയ്ത്–ചെയ്ത് സർവ്വതും നശിപ്പിച്ചു. ബാബ മനസ്സിലാക്കിത്തരുന്നു ഇപ്പോൾ വീണ്ടും ദേവതയായിത്തീരുകയാണ്. നിരാകാരനായ ഈശ്വരൻ ഒന്നേയുള്ളൂ. ബലിയർപ്പണം ഒരാൾക്കു മാത്രമാണ്, മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ നിങ്ങൾ എത്രയാണ് പ്രയത്നിക്കുന്നത്. എത്ര ചിത്രങ്ങളാണ് നിങ്ങളുണ്ടാക്കുന്നത്. ഇനി മുന്നോട്ട് പോകവേ നല്ല രീതിയിൽ എല്ലാം തന്നെ മനസ്സിലാക്കും. ഡ്രാമയുടെ ടിക്ക്–ടിക്ക് എന്നത് നടന്നുകൊണ്ടേയിരിക്കുന്നു. ഈ നാടകത്തിന്റെ ടിക്ക്–ടിക്ക് നിങ്ങൾക്കു മാത്രമേ അറിയൂ. മുഴുവൻ ലോകത്തിലെയും അഭിനയം തീർത്തും കൃത്യമായും കല്പകല്പം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. സെക്കന്റ്–സെക്കന്റ് മുന്നേറിക്കൊണ്ടിരിക്കുന്നു. ബാബ ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നതിനുശേഷവും പറയുന്നു, മന്മനാഭവ. ബാബയെ ഓർമ്മിക്കൂ, ആരെങ്കിലും വെള്ളത്തിലൂടെയോ അഗ്നിയിലൂടെയോ മറികടക്കുന്നതിലൂടെ എന്താണ് പ്രയോജനം? ഇതിലൂടെയൊന്നും ആയുസ്സ് വർദ്ധിക്കുന്നില്ല, ശരി. മധുരമധുരമായ തിരികെ കിട്ടിയ ആത്മീയ കുട്ടികളെ പ്രതി ബാപ്ദാദയുടെ സ്നേഹസ്മരണയും ഗുഡ്നൈറ്റും.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. സത്യമായ ബ്രാഹ്മണനായിത്തീരണം. ഉള്ളിൽ കുറവുകളൊന്നും തന്നെ വെക്കരുത്. സ്വദർശന ചക്രധാരിയായി ശംഖധ്വനി മുഴക്കണം. ജോലികൾ ചെയ്തുകൊണ്ടും ഈ കോഴ്സ് പഠിക്കണം.

2. ബാബയ്ക്ക് സമാനം ദയാമനസ്കനായി അന്ധരുടെ ഊന്നുവടിയായിത്തീരണം. മാതാപിതാവിനെ പിന്തുടരാനുള്ള ഉയർന്ന പുരുഷാർത്ഥം ചെയ്യണം. സ്വയം പര്യാപ്തരായിത്തീരണം, ആരെയും ആധാരമാക്കരുത്.

## വരദാനം – സദാ പ്രഭുവിനെ ഹാജരെന്നു മനസിലാക്കി കൂട്ടിന്റെ അനുഭവം ചെയ്യുന്ന കംബൈൻഡ് രൂപധാരിയായി ഭവിക്കൂ

കുട്ടികൾ എപ്പോൾ സ്നേഹത്തോടെ ബാബയെ ഓർമിക്കുന്നുവോ അപ്പോൾ സമീപതയുടെയും കൂട്ടിന്റെയും അനുഭവം ചെയ്യുന്നു. ഹൃദയത്തിൽ നിന്നു വിളിച്ചു ബാബാ, ഹൃദയേശ്വരൻ ഹാജരായി അതിനാൽ പറയുന്നു പ്രഭു ഹാജരുണ്ട്. വിളിപ്പുറത്തുള്ളയാളാണ്. സ്നേഹത്തിന്റെ മാർഗത്തിലൂടെ ഓരോ സ്ഥലത്തും ഓരോരുത്തരുടെയടുത്തും പ്രഭു ഹാജരാകുന്നു, അനുഭവിയേ ഈ അനുഭവത്തെ അറിയുന്നുള്ളൂ. പാടപ്പെട്ടിരിക്കുന്നു– ചെയ്യുന്നവനും ചെയ്യിക്കുന്നവനും. എങ്കിൽ ചെയ്യുന്നയാളും ചെയ്യിക്കുന്നയാളും കംബൈൻഡ് ആയില്ലേ. ഇങ്ങനെ കംബൈൻഡ് രൂപധാരി സദാ കൂട്ടിന്റെ അനുഭവം ചെയ്യുന്നു.

## സ്ലോഗൻ –മനസിനെ സദാ ആത്മീയആനന്ദത്തിൽ വെക്കുക– ഇതാണ് ജീവിതം ജീവിക്കാനുള്ള കല